ഉൾപ്പെടെയുള്ളതാണ്. അക്കൗണ്ടന്റ് ജനറലിന്റെ അന്തിമ കണക്കുകൾ പ്രകാരം 2006 മുതൽ 2009 വരെയുള്ള കാലയളവിൽ ഇപ്രകാരം നടത്തിയ നിക്ഷേപത്തെക്കുറിച്ചുള്ള വിവരങ്ങൾ താഴെപറയും പ്രകാരമാണ്.

വർഷം	നിക്ഷേപം (കോടിയിൽ)
2005-06	157.83
2006-07	837.82
2007-08	850.04
2008-09	2589.72
2009-10	അവസാനകണക്കുകൾ ലഭ്യമായിട്ടില്ല.

ക്യാഷ് ബാലൻസിൽ നിന്നുള്ള നിക്ഷേപങ്ങളിൽ നിന്ന് പലിശയായി ലഭിച്ച തുക സംബന്ധിച്ച വിവരം താഴെപറയും പ്രകാരമാണ്.

വർഷം	പലിശ (കോടിയിൽ)	ശതമാനം
2005-06	5.02	2.29
2006-07	6.06	0.55
2007-08	7.34	0.54
2008-09	22.70	0.67
2009-10	അവസാനകണക്കുകൾ ലഭ്യമായിട്ടില്ല.	

(സി) 2009-10 സാമ്പത്തികവർഷം സംസ്ഥാന സർക്കാർ എടുത്ത വായ്പകളിൻമേൽ ശരാശരി 7.92 ശതമാനം പലിശയാണ് നൽകേണ്ടത്.

പദ്ധതികൾ യഥാസമയം പൂർത്തിയാക്കാൻ നടപടി

162 (228) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2006-07 മുതൽ 2010-11 വരെ ഓരോ വർഷവും ഓരോ വകുപ്പിനും നീക്കിവച്ച തുകയെത്രയാണെന്നും അധികച്ചെലവിന് നൽകിയ തുകയെത്ര യാണെന്നും അറിയിക്കുമോ ;

(ബി) ഇതിൽ ഓരോ വർഷവും എന്ത് തുക വീതം ഓരോ വകുപ്പും ചെലവഴിച്ചു ; അത് മൊത്തം തുകയുടെ എത്ര ശതമാനം വരും ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഓരോ സ്കീമിനും നീക്കിവയ്ക്കുന്ന തുക അതതുവർഷം ചെലവഴിച്ച് പദ്ധതികൾ നിർദ്ദിഷ്ട കാലാവധിക്കകം പൂർത്തിയാക്കാൻ കഴിയാത്തതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ പരിഹാര നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോയെന്നും ആയത് നടപ്പാക്കിയിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) വകുപ്പടിസ്ഥാനത്തിലുള്ള തരംതിരിവിലല്ല ബഡ്ജറ്റിൽ തുക വകകൊള്ളിക്കുന്നത്. പ്രവർത്തനങ്ങളെ അടിസ്ഥാനമാക്കിയുള്ള കണക്കിനങ്ങളിലാണ്. പദ്ധതി, പദ്ധതിയേതര ഇനങ്ങളിൽ ഓരോ പ്രവർത്തന മേഖലയിലും വകയിരുത്തിയ തുകകൾ സംബന്ധിച്ച പട്ടിക അനുബന്ധമായി ചേർക്കുന്നു.*

(ബി) വിവിധ പ്രവർത്തന മേഖലകളിൽ പദ്ധതി, പദ്ധതിയേതര ഇനങ്ങളിലുള്ള ചെലവു സംബന്ധിച്ച കണക്കുകൾ അനുബന്ധമായി ചേർക്കുന്നു.*

(സി) ഉണ്ട്.

(ഡി) മുൻ ചീഫ് സെക്രട്ടറി ശ്രീ. കെ. ബി. രവീന്ദ്രൻ നായർ അദ്ധ്യക്ഷനായി സർക്കാർ നിയമിച്ച ഉപദേശക സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ വാർഷിക പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ള പരിപാടികൾക്ക് ഭരണാനുമതി നൽകുന്നതിനുവേണ്ടി വകുപ്പുതല വർക്കിംഗ് ഗ്രൂപ്പിന് അംഗീകാരം നൽകാവുന്ന പദ്ധതികളുടെ പരിധി നിലവിലുണ്ടായിരുന്ന ഒരു കോടി രൂപയിൽ നിന്നും മൂന്നു കോടി രൂപയായി വർദ്ധിപ്പിച്ചു. അതുകൊണ്ട് മൂന്നുകോടി രൂപവരെയുള്ള പദ്ധതികൾക്ക് ധനകാര്യവകുപ്പിന്റെ അനുമതിയില്ലാതെ തന്നെ ഭരണവകുപ്പിന് അംഗീകരിക്കാം. മൂന്നുകോടി രൂപയ്ക്ക് മുകളിലുള്ള പുതിയ പദ്ധതികൾ പരിശോധിച്ച് ഭരണാനുമതി നൽകുന്നതിന് ധനകാര്യ സെക്രട്ടറി അദ്ധ്യക്ഷനും, പ്ലാനിംഗ് സെക്രട്ടറി, റിസോഴ്സസ് സെക്രട്ടറി, എക്സ്പെന്റിച്ചർ സെക്രട്ടറി, ബന്ധപ്പെട്ട വകുപ്പു സെക്രട്ടറി, വകുപ്പുതലവൻ എന്നിവർ ഉൾപ്പെട്ട ഒരു സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ് രൂപീകരിച്ചു. ഇപ്രകാരം ഉള്ള സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ് എല്ലാമാസവും കൂടുന്നതാണ്. ഈ സമ്പ്രദായം നടപ്പിലായതിനെ തുടർന്ന് പദ്ധതികൾ നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകുന്നതിന് ഉണ്ടായിരുന്ന കാലതാമസം ഗണ്യമായി കുറയ്ക്കാൻ കഴിഞ്ഞു. കൂടാതെ ഓരോ മാസവും ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടുന്ന സെക്രട്ടറിമാരുടെ മീറ്റിംഗുകൾ പദ്ധതി നിർവ്വഹണത്തിന്റെ പുരോഗതി അവലോകനം ചെയ്യുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്യാറുണ്ട്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly